2024
JANUARY
06
SATURDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

### ചരിത്രം വഴിമാറി;

## എസ്.ആർ.വി സ്കൂളിൽ ഇനി പെൺകുട്ടികൾക്കും പഠിക്കാം



**കൊച്ചി:** എറണാകുളം ശ്രീരാമ വർമ്മ (എസ്ആർവി) ഗവ.ഹൈസ്കൂളിൽ ഇനി മുതൽ പെൺകുട്ടികൾക്കും പഠിക്കാം.202425 അധ്യയന വർഷം മുതൽ പെൺകുട്ടികൾക്കും പ്രവേശനത്തിന് അനുമതി നൽകിക്കൊണ്ട് സംസ്ഥാന സർക്കാർ ഉത്തരവിറക്കി. 1845 ൽ ആൺകുട്ടികൾക്കായി സ്ഥാപിതമായ കൊച്ചിയിലെ ആദ്യ വിദ്യാലയമാണ് എസ്.ആർ.വി ഗവൺമെന്റ് ഹൈസ്ക്കൂൾ. എൽ.പി,യു.പി,എച്ച്.എസ്,എച്ച്.എസ്.എസ് വിഭാഗങ്ങൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ എട്ട്,ഒമ്പത്, 10 ക്ലാസുകളിൽ നാമമാത്രമായ ആൺകുട്ടികൾ മാത്രമാണ് ഇവിടെ പഠിക്കുന്നത്. സ്കൂളിലെ നിലവിലെ ഭൗതിക സാഹചര്യം പെൺകുട്ടികൾക്കും കൂടി അനുയോജ്യമായതിനാൽ പെൺകുട്ടികൾക്കും കൂടി പ്രവേശനം അനുവദിക്കണമെന്നാവശ്യപ്പെട്ട് സ്കൂളിലെ ഓൾഡ് സ്റ്റുഡന്റ്സ് അസോസിയേഷന്റെയും പിടിഎയുടെയും നേതൃത്വത്തിൽ സംസ്ഥാന സർക്കാരിനെ പല തവണ സമീപിച്ചിരുന്നു. കൊച്ചി നഗരസഭാ കൗൺസിലും ഇതിന് അംഗീകാരം നൽകിയിരുന്നു. തുടർന്ന് വിഷയം സർക്കാർ വിശദമായി പരിശോധിച്ചതിന് ശേഷമാണ് അടുത്ത അധ്യയന വർഷം മുതൽ സ്കൂൾ മിക്സഡ് ആക്കാൻ ഉത്തരവിട്ടിരിക്കുന്നത്. സ്കൂളിൽ പെൺകുട്ടികൾക്കും കൂടി പ്രവേശനം അനുവദിച്ചുകൊണ്ടുള്ള സർക്കാർ തീരുമാനത്തെ സ്വാഗതം ചെയ്യുന്നതായി സ്കൂൾ ഓൾഡ് സ്റ്റുഡന്റ്സ് അസ്സോസിയേഷൻ പ്രസിഡന്റ് ആർക്കിടെക്റ്റ് പ്രൊഫ.ബി.ആർ അജിത് പറഞ്ഞു.പെൺകുട്ടികൾക്കും പ്രവേശനം അനുവദിക്കണമെന്നാവശ്യപ്പെട്ടുള്ള ഓൾഡ് സ്റ്റുഡന്റ്സ് അസോസിയേഷന്റെ കഴിഞ്ഞ ഒന്നര വർഷത്തെ പരിശ്രമമാണ് ഫലവത്തായിരിക്കുന്നത്. ഇതിന് സഹായിച്ച ടി.ജെ വിനോദ് എം.എൽ.എ, കൊച്ചി മേയർ അഡ്വ.എം അനിൽകുമാർ,സി.പി.എം ജില്ലാ സെക്രട്ടറി സി.എൻ മോഹനൻ,സ്കൂൾ പിടിഎ അടക്കമുള്ള മുഴുവൻ പേരോടും നന്ദി അറിയിക്കുന്നതായും പ്രൊഫ.ബി.ആർ അജിത് പറഞ്ഞു.

### ആന്റിബയോട്ടിക്കുകളുടെ അമിത ഉപയോഗം തടയാൻ

# ഓപ്പറേഷൻ അമൃത്

### *ഡോക്ടറുടെ കുറിപ്പടിയില്ലാതെ മരുന്ന് വിറ്റാൽ കർശന നടപടി

**തിരുവനന്തപുരം:**ആന്റിബയോട്ടിക്കുകളുടെ അമിത ഉപയോഗം തടയാൻ സംസ്ഥാനത്ത് ഓപ്പറേഷൻ അമൃത് എന്ന പേരിൽ ഡ്രഗ്സ് കൺട്രോൾ വിഭാഗം പരിശോധനകൾ ആരംഭിക്കുന്നു. പൊതുജന പങ്കാളിത്തോടെയായിരിക്കും ഇത് നടപ്പിലാക്കുന്നത്. കുറിപ്പടിയില്ലാതെ ഏതെങ്കിലും ഫാർമസികൾ ആന്റിബയോട്ടിക്കുകൾ വിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ പൊതുജനങ്ങൾക്കും വിവരം നൽകാവുന്നതാണ്. ഡ്രഗ്സ് കൺട്രോളർ നിയോഗിക്കുന്ന പ്രത്യേക സ്ക്വാഡും ഈ രഹസ്യ ഓപ്പറേഷന്റെ ഭാഗമാകും. ആന്റിബയോട്ടിക്കുകൾ വിൽക്കുന്നതിന്റെ വിവരങ്ങൾ കൃത്യമായി ഫാർമസികൾ സൂക്ഷിക്കേണ്ടതാണ്. 'ഡോക്ടറുടെ കുറിപ്പടിയില്ലാതെ ആന്റിബയോട്ടിക്കുകൾ വിൽക്കുന്നതല്ല' എന്ന പോസ്റ്റർ സ്ഥാപനത്തിൽ പ്രദർശിപ്പിക്കേണ്ടതാണ്. ഡോക്ടറുടെ കുറിപ്പടിയില്ലാതെ ആന്റിബയോട്ടിക്കുകൾ നൽകുന്ന ഫാർമസികൾക്കും മെഡിക്കൽ സ്റ്റോറുകൾക്കുമെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ്ജ് വ്യക്തമാക്കി.ഡോക്ടറുടെ കുറിപ്പടി ഇല്ലാതെയുള്ള ആന്റിബയോട്ടിക് ഉപയോഗം 2024ൽ പൂർണമായും നിർത്തലാക്കാനുള്ള കഠിന പ്രയത്നത്തിലാണ് ആരോഗ്യ വകുപ്പ്. ഓരോ വ്യക്തിയും സ്വന്തം ആരോഗ്യവും കുടുംബത്തിന്റെ ആരോഗ്യവും മുൻനിർത്തി അനാവശ്യമായി ആന്റിബയോട്ടിക്കുകൾ വാങ്ങി കഴിയ്ക്കരുത്. സ്ഥിരമായി ആന്റിബയോട്ടിക്കുകൾ കഴിക്കുന്നത് മൂലം ആന്റിബയോട്ടിക്കുകളെ പ്രതിരോധിക്കാൻ സാധ്യതയുള്ള രോഗാണുക്കൾ കൊണ്ടുള്ള അണുബാധ ഉണ്ടാകാൻ സാധ്യതയുണ്ട്. ഇത് ഗുരുതര ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കും. ലോകാരോഗ്യ സംഘടന എ.എം.ആറിനെ ഇതിനോടകം തന്നെ വിശേഷിപ്പിച്ചത് നിശബ്ദ മഹാമാരി എന്നാണ്. ഇപ്പോഴത്തെ സ്ഥിതി തുടർന്നാൽ 2050 ആകുമ്പോഴേക്കും ലോകത്ത് ഒരു കോടി ആളുകൾ ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് കൊണ്ട് മരണമടയും എന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്.



ആന്റിബയോട്ടിക്കുകൾ അനാവശ്യമായി കുറിക്കാതിരിക്കാനും അവബോധം നൽകി വരുന്നു. ഡോക്ടറുടെ കുറിപ്പടി ഇല്ലാതെ ആന്റിബയോട്ടിക്കുകൾ വാങ്ങി കഴിക്കുന്നതും തെറ്റായ ക്രമങ്ങളിൽ ആന്റിബയോട്ടിക്കുകൾ കഴിക്കുന്നതും ആപത്താണ്. അതിനാൽ എല്ലാവരും ഇതിനോട് സഹകരിക്കണമെന്നും മന്ത്രി അഭ്യർത്ഥിച്ചു.

## കുടുംബശ്രീ ഡി.ഡി.യു.ജി.കെ.വൈ : 'ടാലന്റോ 24' നാളെ

**തിരുവനന്തപുരം:**സൗജന്യ തൊഴിൽ പരിശീലനവും തൊഴിലും ലഭ്യമാക്കി സംസ്ഥാനത്ത് ഗ്രാമീണ മേഖലയിലെ യുവജനങ്ങളുടെ ശാക്തീകരണം സാധ്യമാക്കുന്ന ഡി.ഡി.യു.ജി.കെ.വൈ പദ്ധതിയുടെ ഭാഗമായി 'ടാലന്റോ 24' തൊഴിൽദാന ചടങ്ങും പൂർവവിദ്യാർത്ഥി സംഗമവും സംഘടിപ്പിക്കുന്നു. സംസ്ഥാനത്ത് പദ്ധതിയുടെ നോഡൽ ഏജൻസിസായ കുടുംബശ്രീയുടെ നേതൃത്വത്തിൽ ജനുവരി ഏഴിനു കാര്യവട്ടം ട്രാവൻകൂർ ഇൻറർനാഷണൽ കൺവെൻഷൻ സെൻററിലാണ് പരിപാടി.തദ്ദേശ സ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രി എം.ബി രാജേഷ് 'ടാലൻറോ 24' ൻറെ ഉദ്ഘാടനവും ടാലൻറോ കണക്ട് വെബ് പോർട്ടലിൻറെ ലോഞ്ചിങ്ങും നിർവഹിക്കും. ഡി.ഡി.യു.ജി.കെ.വൈ പദ്ധതി വഴി പരിശീലനം നേടിയ ആയിരം പേർക്കുള്ള ഓഫർ ലെറ്ററും മന്ത്രി വിതരണം ചെയ്യും. കടകംപള്ളി സുരേന്ദ്രൻ എം.എൽ.എ അധ്യക്ഷത വഹിക്കും. 'ഡി.ഡി.യു.ജി.കെ.വൈ ഇന്നലെ ഇന്ന് നാളെ' എന്ന വിഷയത്തെ അധികരിച്ച് എം.ഓ.ആർ.ഡി സ്കിൽസ് ജോയിൻറ് സെക്രട്ടറി കർമ സിംപ ഭൂട്ടിയ സംസാരിക്കും. പദ്ധതി വഴി നൈപുണ്യപരിശീലനവും തൊഴിലും ലഭിച്ച 200 പേരുടെ വിജയകഥകൾ ഉൾപ്പെടുത്തിയ 'ട്രയിൽബ്ളേസേഴ്സ്' എന്ന പുസ്തകത്തിൻറെ പ്രകാശനവും നിർവഹിക്കും.ഗ്രാമീണ മേഖലയിലെ യുവജനങ്ങൾക്ക് മെച്ചപ്പെട്ട തൊഴിലും ജീവിത പുരോഗതിയും കൈവരിക്കാൻ സഹായിക്കുന്നതാണ് പദ്ധതി. നാളിതു വരെ പദ്ധതി വഴി 73759 പേർക്ക് വിവിധ കോഴ്സുകളിൽ പരിശീലനം നൽകി. 41702 പേർക്ക് തൊഴിലും ലഭ്യമാക്കി. യു.എ.ഇ, യു.കെ, ജർമ്മനി, ഓസ്ട്രേലിയ, യു.എസ്.എ തുടങ്ങിയ രാജ്യങ്ങളിൽ ജോലി ലഭ്യമായവരും ഉണ്ട്.സാമൂഹ്യസുരക്ഷ ഉറപ്പുവരുത്തുന്ന പ്രവർത്തനങ്ങളും പദ്ധതി വഴി നടപ്പാക്കുന്നുണ്ട്. ഇതിൻറെ ഭാഗമായി 952 ആശ്രയ കുടുംബങ്ങളിലെ അംഗങ്ങൾക്ക് നൈപുണ്യപരിശീലനം നൽകി 432 പേർക്ക് തൊഴിൽ ലഭ്യമാക്കി. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെട്ട 1812 കുടുംബങ്ങളിലെ അംഗങ്ങൾക്കും പരിശീലനം നൽകി. അനാഥരായ 26 പേർക്ക് പരിശീലനം നൽകിയതിൽ 18 പേർക്കും തൊഴിൽ ലഭ്യമാക്കുന്നതിനും കഴിഞ്ഞു.പരിപാടിയോടനുബന്ധിച്ച് ഡോ.മാണി പോൾ നയിക്കുന്ന മോട്ടിവേഷണൽ സെഷൻ, പദ്ധതിയുടെ ഭാഗമായി വിവിധ മേഖലകളിൽ മികച്ച പ്രവർത്തനം കാഴ്ച വച്ചവർക്കുള്ള അവാർഡ് വിതരണം. കലാസന്ധ്യ എന്നിവയും ഉണ്ടാകും.



# ജില്ലാ ക്ഷീര സംഗമം : ജനുവരി ഒമ്പതിന്

**കൊച്ചി:**ക്ഷീര സഹകരണ സംഘങ്ങളുടെയും ത്രിതല പഞ്ചായത്തുകളുടെയും സംയുക്ത ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ജില്ലാ ക്ഷീര സംഗമം ചൊവ്വാഴ്ച ഉച്ചക്ക് 12 ന് ക്ഷീരവികസന വകുപ്പ് മന്ത്രി ജെ.ചിഞ്ചു റാണി ഉദ്ഘാടനം ചെയ്യും.മണീട് ക്ഷീരോൽപാദക സഹകരണ സംഘത്തിന്റെ നേതൃത്വത്തിൽ മണീട് സെന്റ് കുര്യാക്കോസ് കത്തീഡ്രൽ പാരിഷ് ഹാളിൽ നടക്കുന്ന പരിപാടിയിൽ അനൂപ് ജേക്കബ് എം.എൽ.എ. അധ്യക്ഷത വഹിക്കും. ചടങ്ങിൽ വ്യവസായ വകുപ്പ് മന്ത്രി പി.രാജീവ് ജില്ലയിലെ മികച്ച ക്ഷീര കർഷകരെ ആദരിക്കും. മികച്ച യുവകർഷകനുള്ള ആദരം പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ നൽകും.ജനുവരി എട്ടിന് മണീട് ജംഗ്ഷനിൽ നിന്നും ആരംഭിക്കുന്ന ക്ഷീര സംഗമ വിളംബര ജാഥയോടെ സംഗമത്തിന് തുടക്കം കുറിക്കും. തുടർന്ന് ' അനന്യോന്യം2024' ക്ഷീരകർഷക ചർച്ച വേദി, മൃഗ ചികിത്സ ക്യാമ്പ് 'ശ്രേയസ് 2024' ന്റെ ഉദ്ഘാടനവും ഡയറി വോയേജ് എക്സിബിഷൻ 'കാഴ്ച 2024'ന്റെ ഉദ്ഘാടനവും നടക്കും. കൂടാതെ മികച്ച ജീവനക്കാർക്കുള്ള ആദരം, ക്ഷീര സംഘം ജീവനക്കാർക്കുള്ള ശിൽപ്പശാല, കലാപരിപാടികൾ എന്നിവ സംഘടിപ്പിക്കും .മിൽമ,കേരള ഫീഡ്സ്, വിവിധ ധനകാര്യ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ നടക്കുന്ന ക്ഷീര സംഗമത്തിന്റെ രാം ദിനമായ ജനുവരി 9ന് രാവിലെ ക്ഷീരവികസന സെമിനാർ **ഉണ്ട**ായിരിക്കും.

# ഡിജിറ്റൽ സർവ്വെ: രേഖകൾ പരിശോധിക്കാം

**കൊച്ചി:** എറണാകുളം ജില്ലയിൽ കൊച്ചി താലൂക്കിൽപ്പെട്ട ഫോർട്ടുകൊച്ചി വില്ലേജിൽ ഉൾപ്പെട്ടു വരുന്ന പ്രദേശങ്ങളിലെ ഡിജിറ്റൽ സർവ്വെ 'കേരള സർവ്വെയും അതിരടയാളവും ആക്ട് 9(1)' പ്രകാരം പൂർത്തിയാക്കിയിട്ട്. ഇപ്രകാരം തയ്യാറാക്കിയിട്ടുള്ള സർവ്വെ റിക്കാർഡുകൾ എന്റെ ഭൂമി പോർട്ടലിലും ഫോർട്ടുകൊച്ചി വെളി ഗ്രൗണ്ടിന് സമീപമുള്ള പള്ളത്ത് രാമൻ സാംസ്കാരിക കേന്ദ്രം ഹാളിൽ പ്രവർത്തിച്ചു വരുന്ന ഡിജിറ്റൽ സർവ്വെ ക്യാമ്പ് ഓഫീസിലും ജനുവരി എട്ടു മുതൽ പ്രദർശിപ്പിക്കും. ഓഫീസിൽ സജ്ജീകരിച്ചിട്ടുള്ള സംവിധാനം പ്രയോജനപ്പെടുത്തി ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ നേരിട്ട് റിക്കാർഡുകൾ പരിശോധിക്കാവുന്നതാണ്. ഭൂവുടമസ്ഥർക്ക് https://entebhoomi.kerala.gov.in എന്ന പോർട്ടലിൽ സന്ദർശിച്ച് തങ്ങളുടെ ഭൂമിയുടെ രേഖകൾ ഓൺലൈനായും പരിശോധിക്കാം. 1 മുതൽ 1177 വരെ, കൊച്ചി കോർപറേഷൻ ഡിവിഷൻ 1, 2, 3, 4, 26, 27, 28 എന്നിവയാണ് മുൻ സർവ്വെ നമ്പറുകൾ. ഒന്നു മുതൽ 19 വരെയാണ് ഡിജിറ്റൽ റീസർവെ ബ്ലോക്ക് നമ്പറുകൾ. പരിശോധനയിൽ രേഖപ്പെടുത്തിയിട്ടുള്ള റിക്കാർഡുകളിൻമേൽ പരാതി ഉങ്കെിൽ പരസ്യം പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം തൃപ്പൂണിത്തുറ റീസർവ്വെ സൂപ്രിന് ഫോറം 160ൽ നേരിട്ടോ 'എന്റെ ഭൂമി' പോർട്ടൽ മുഖേന ഓൺലൈനായോ അപ്പീൽ സമർപ്പിക്കേണ്ടതാണ്. നിശ്ചിത ദിവസത്തിനകം അപ്പീൽ സമർപ്പിക്കാത്ത പക്ഷം റീസർവ്വെ റിക്കാർഡുകളിൽ രേഖപ്പെടുത്തിയിട്ടുള്ള ഉടമസ്ഥരുടെ പേരു വിവരങ്ങൾ, അതിരുകൾ, വിസ്തീർണ്ണം എന്നിവ കുറ്റമറ്റതായി പ്രഖ്യാപിച്ച് സർവ്വെ അതിരടയാള നിയമം 13ാം വകുപ്പനുസരിച്ചുള്ള ഫൈനൽ നോട്ടിഫിക്കേഷൻ പരസ്യപ്പെടുത്തി റിക്കാർഡുകൾ അന്തിമമാക്കുന്നതാണ്. സർവ്വെ സമയത്ത് തർക്കമുന്നയിച്ച് സർവ്വെ അതിരടയാള നിയമം 10ാം വകുപ്പ് 2ാം ഉപവകുപ്പ് പ്രകാരം തീരുമാനം അറിയിച്ചിട്ടുള്ള ഭൂവുടമസ്ഥർക്ക് ഈ അറിയിപ്പ് ബാധകമായിരിക്കില്ല.

## പോസ്റ്റ് ഗ്രാഡുവേറ്റ് ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ പ്രോഗ്രാം ഓൺലൈനായി അപേക്ഷിക്കാം

**കൊച്ചി:**സ്റ്റേറ്റ് റിസോഴ്സ് സെന്ററിനു കീഴിൽ പ്രവർത്തിക്കുന്ന എസ്.ആർ.സി കമ്മ്യൂണിറ്റി കോളേജ് 2024 ജനുവരി സെഷനിൽ ആരംഭിക്കുന്ന പോസ്റ്റ് ഗ്രാഡുവേറ്റ് ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ പ്രോഗ്രാമിന് ഓൺലൈനായി അപേക്ഷിക്കാം. ഒരു വർഷം കാലാവധിയുള്ള പോസ്റ്റ് ഗ്രാഡ്യുവേറ്റ് ഡിപ്ലോമ പ്രോഗ്രാമിന് അപേക്ഷിക്കുന്നതിനുള്ള വിദ്യാഭ്യാസ യോഗ്യത ഡിഗ്രിയാണ്. കോൺടാക്ട് ക്ലാസ്സുകളും പ്രോജക്ട് വർക്കും പഠനപരിപാടിയുടെ ഭാഗമായി ഉായിരിക്കും. 18 വയസ്സിനു മേൽ പ്രായമുള്ള ആർക്കും അപേക്ഷിക്കാം. ഉയർന്ന പ്രായ പരിധി ഉായിരിക്കുന്നതല്ല..
https://apps.rccc.in/register ലിങ്കിലൂടെ ആപ്ലിക്കേഷൻ ഓൺലൈനായി സമർപ്പിക്കാൻ കഴിയും.വിശദവിവരങ്ങൾ
wwws.rccc.in വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 2024 ജനുവരി 31. എറണാകുളം ജില്ലയിലെ പഠനകേന്ദ്രം: ജൂബിലി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ഡിസൈനിംഗ് കൊച്ചിൻ സോഷ്യൽ സർവ്വീസ് സൊസൈറ്റി ജൂബിലി മെമ്മോറിയൽ കോംപ്ലക്സ്, വെളി ഫോർട്ട് കൊച്ചിൻ, എറണാകുളം, കൊച്ചിൻ 682001 . ഫോൺ 0484 2227217

# ലുലുവിൽ 41 മണിക്കൂർ നീളുന്ന നോൺ സ്റ്റോപ്പ് ഷോപ്പിങ്ങ് ഇന്ന് തുടങ്ങും



**കൊച്ചി :** ആകർഷകമായ ഓഫറുകളും അമ്പരപ്പിക്കുന്ന ഡിസ്കൗണ്ടുകളുമായി 41 മണിക്കൂർ നീളുന്ന തുടർച്ചയായ ഷോപ്പിങ്ങ് മാമാങ്കത്തിന് ഇന്ന് ലുലുവിൽ തുടക്കമാകും. ഗ്രോസറി, ഗൃഹോപകരണങ്ങൾ, ഷാഫൻ, ഇലക്ട്രോണികസ് എന്നിവയ്ക്ക് അമ്പത് ശതമാനം കിഴിവുമായാണ് നോൺ സ്റ്റോപ്പ് ഷോപ്പിങ്ങ്. ഇന്ന് രാവിലെ 9 മണി മുതൽ എട്ടാം തീയതി പുലർച്ചെ രണ്ട് മണി വരെ ലുലു സ്റ്റോറുകൾ മുഴുവൻ സമയവും തുറന്ന് പ്രവർത്തിക്കും. ബ്രാൻഡഡ് ശേഖരങ്ങൾ അടക്കം നിരവധി ഉത്പന്നങ്ങൾ കുറഞ്ഞ നിരക്കിൽ സ്വന്തമാക്കാം. ലുലു ഓൺ സെയിലിന്റെ ഭാഗമായാണ് ഈ വമ്പൻ ഓഫറുകൾ.ലുലു ഫാഷൻ സ്റ്റോർ, ലുലു കണക്ട്, ലുലു സെലിബ്രേറ്റ്, ഫൺടൂറ എന്നിവടങ്ങളിൽ മികച്ച ഇളവുകളാണുള്ളത്. മികച്ച ഫാഷൻ ബ്രാൻഡുകളുടെ എറ്റവും പുതിയ വസ്ത്രശേഖരങ്ങൾ, ലോകോത്തര ബ്രാൻഡുകളുടെ ടെക് ഗാഡ്ജറ്റുകൾ, ഗൃഹോപകരണങ്ങൾ മുതൽ ഗ്രോസറി ഉത്പന്നങ്ങൾ വരെ പകുതി വിലയ്ക്ക് ഉപഭോക്താകൾക്ക് ലഭിക്കും. ജനുവരി 4ന് തുടങ്ങിയ ബിഗ് ഡേ ഫ്ലാറ്റ് 50 സെയിലിന്റെ ഭാഗമായാണ് വിപുലമായ ഈ ഓഫർ. ബാഗുകൾ, പാദരക്ഷകൾ, കായികോപകരണങ്ങൾ, വീട്ടുപകരണങ്ങൾ, ഇലക്ട്രോണിക്സ്, ടെലിവിഷൻ, വാഷിങ്ങ് മെഷീൻ, റെഫ്രിജറേറ്റർ, കളിപ്പാട്ടങ്ങൾ, ലാപ്ടോപ്പ്, സ്മാർട്ട് വാച്ചുകൾ, ടാബ്, ആഭരണങ്ങൾ വരെ പകുതി നിരക്കിലാണ് ഉപഭക്താക്കളിലേക്ക് എത്തുന്നത്. ആകർഷകമായ സമ്മാനങ്ങളും കസ്റ്റമേഴ്സിനെ കാത്തിരിക്കുന്നുണ്ട്. ബ്രൈഡൽ സങ്കൽപ്പങ്ങളുടെ വൈവിധ്യമാർന്ന കളക്ഷനുകളുള്ള ലുലു സെലിബ്രേറ്റിലും വമ്പൻ ഓഫറുകളാണുള്ളത്. ലുലു ഫൺടൂറയിലും കുട്ടികൾക്കായി പ്രത്യേക ഓഫർ ഒരുക്കിയിട്ടുണ്ട്.

# എറണാകുളം ശ്രീ അയ്യപ്പൻ കോവിലിൽ മകരവിളക്ക് മഹോത്സവം ജനുവരി 9 മുതൽ

**കൊച്ചി:** എറണാകുളം ശ്രീ അയ്യപ്പൻ കോവിലിൽ മകര വിളക്ക് മഹോത്സവം ജനുവരി 9 മുതൽ 15 വരെ നടക്കും. 9 ന് വൈകിട്ട് ഏഴിന് ദീപാരാധനയ്ക്ക് ശേഷം ഏഴരയ്ക്കും എട്ടിനും മദ്ധ്യേ കെ.ജി ശ്രീനിവാസൻ തന്ത്രികൾ കൊടിയേറ്റും. കലാപരിപാടി ഉദ്ഘാടനം ചലച്ചിത്രതാരം ശാന്തി മായാദേവി നിർവഹിക്കും. രാത്രി എട്ടിന് മാനസജപലഹരിയുടെ ഭജന, പത്തിന് കഥകളി. ക്ഷേത്ര മൈതാനിയിൽ വൈകിട്ട് അഞ്ചിന് തിരുവാതിരകളി. പത്തിന് രാവിലെ നാല് മണിക്ക് പള്ളിയുണർത്താൽ, അഞ്ചിന് നിർമ്മാല്യം തുടർന്ന് അഭിഷേകം. രാവിലെ പതിനൊന്നരയ്ക്ക് പുഷ്പാഭിഷേകം. ഉച്ചയ്ക്ക് രണ്ടിന് അയ്യപ്പചരിത പാരായണം. വൈകിട്ട് അഞ്ചിന് ഭക്തിഗാനമേള. വൈകിട്ട് ഏഴിന് സംഗീത കച്ചേരി. ക്ഷേത്രമൈതാനിയിൽ രാത്രി എട്ടിന് നാടകം. ജനു 11 നു രാവിലെ ഏഴിന് പറകൊട്ടി പാട്ട്. ഉച്ചയ്ക്ക് 12 മുതൽ പ്രസാദ ഊട്ട്. വൈകിട്ട് അഞ്ചിന് വീണ കച്ചേരി.രാത്രി ഏഴിന് താലം വരവ്, ഏഴരയ്ക്ക് ഡബിൾ തായമ്പക. ക്ഷേത്രമൈതാനിയിൽ വൈകിട്ട് അഞ്ചിന് തിരുവാതിരകളി, എട്ടിന് നൃത്ത സന്ധ്യ. 12 ന് രാവിലെ ഏഴിന് ഭാഗവത പാരായണം, ഉച്ചയ്ക്ക് പന്ത്രണ്ട് മുതൽ പ്രസാദ് ഊട്ട്. വൈകിട്ട് അഞ്ചിന് പുല്ലാങ്കുഴൽ നാദലയം. രാത്രി ഏഴിന് താലം വരവ്. ഏഴരയ്ക്ക് ഡബിൾ തായമ്പക. ക്ഷേത്രമൈതാനിയിൽ രാത്രി ഒൻപതിന് മാജിക് ഷോ.13 ന് രാവിലെ ഏഴിന് കാഴ്ച ശ്രീബലി. ഉച്ചയ്ക്ക് പന്ത്രണ്ട് മുതൽ പ്രസാദഊട്ട്.രണ്ടു മണിക്ക് നാരായണീയ പാരായണം, വൈകിട്ട് അഞ്ചിന് ഓട്ടൻ തുള്ളൽ. ക്ഷേത്രമൈതാനിയിൽ വൈകിട്ട് നാലിന് വടക്കുംഭാഗം പൂരം. തുടർന്ന് കരിമരുന്ന് പ്രയോഗം. രാത്രി ഏഴിന് സോപാന സംഗീതം. രാത്രി ഒൻപതിന് ഗാനമേള. 14 നു പള്ളിവേട്ട മഹോത്സവ ദിനത്തിൽ രാവിലെ ഏഴിന് കാഴ്ച ശ്രീബലി. ഉച്ചയ്ക്ക് പന്ത്രണ്ടിന് പറയൻ തുള്ളൽ, വൈകിട്ട് അഞ്ചിന് ചാക്യാർ കൂത്ത്. വൈകിട്ട് ഏഴിന മിഴാവ് മേളം. ക്ഷേത്രമൈതാനിയിൽ വൈകിട്ട് നാലിന് തെക്കുംഭാഗം പൂരം തുടർന്ന് കരിമരുന്ന് പ്രയോഗം. രാത്രി ഒൻപതിന് പാട്ടുകളിയാട്ടം. 15 ന് ആറാട്ട് മഹോത്സവ ദിനത്തിൽ രാവിലെ അഞ്ചിന് പള്ളിയുണർത്തൽ. എട്ട് മണിക്ക് കാഴ്ച ശ്രീബലി, വൈകിട്ട് 7.45 ന് ദീപാരാധന, സ്വർണക്കുടത്തിൽ കാണിക്കയർപ്പിക്കൽ. വൈകിട്ട് നാല് മണിക്ക് വരയും നാട്ടുമൊഴിയും. ആറിന് നാദസ്വരക്കച്ചേരി. ക്ഷേത്രമൈതാനിയിൽ രാത്രി ഒൻപതരയ്ക്ക് ഗാനമേള. 16 ന് പുലർച്ചെ 4.45 ആറാട്ട്പുറപ്പാട്. 5.45 ന് ആറാട്ടെഴുന്നള്ളിപ്പ്. രാവിലെ 6.45 നു കൊടിയിറക്കൽ. എല്ലാ ദിവസവും ഉച്ചയ്ക്ക് 12 മണിക്ക് പ്രസാദ ഊട്ട് നടക്കുമെന്ന് ദേവസ്വം ഭാരവാഹികൾ അറിയിച്ചു.

# ട്രാൻസലേഷണൽ റിസർച്ച് ലാബുകൾക്ക് പത്തു കോടി രൂപ

**തിരുവനന്തപുരം:**ഗവേഷകവിദ്യാർത്ഥികൾക്ക് അന്താരാഷ്ട്ര ഗവേഷണ പ്രവർത്തനങ്ങളിൽ പങ്കാളികളാകാൻ സ്കോളർഷിപ്പുകൾക്ക് പത്തു കോടി രൂപ അനുവദിച്ചതായി ഉന്നതവിദ്യാഭ്യാസ സാമൂഹ്യനീതി മന്ത്രി ഡോ. ആർ ബിന്ദു പറഞ്ഞു. ട്രാൻസലേഷണൽ റിസർച്ച് ലാബുകൾക്ക് പ്രവർത്തനസഹായമായി പത്തു കോടി രൂപ നൽകാനും ഭരണാനുമതിയായതായും മന്ത്രി അറിയിച്ചു. ഉന്നതവിദ്യാഭ്യാസ രംഗത്തെ സമഗ്ര പരിഷ്കരണത്തിനായി നിയോഗിച്ച ശ്യാം ബി മേനോൻ കമ്മീഷന്റെ ശുപാർശ സ്വീകരിച്ചാണ് നടപടിയെന്നും മന്ത്രി പറഞ്ഞു.അന്താരാഷ്ട്രതലത്തിൽ അക്കാദമികമായി മുന്നിൽ നിൽക്കുന്ന മികച്ച 200 സർവ്വകലാശാലകളിൽ ഹ്രസ്വകാല ഗവേഷണത്തിനാണ് ഗവേഷകവിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ നൽകുക. ഗവേഷണപ്രബന്ധങ്ങൾ അവതരിപ്പിക്കാനുള്ള സെമിനാറുകൾക്കായുള്ള യാത്രകൾക്കും ഈ സ്കോളർഷിപ്പ് ലഭ്യമാകും. ഗവേഷകരുടെ വിദേശയാത്രാ ചെലവും ജീവിതച്ചെലവുമാണ് ഇതുവഴി സർക്കാർ വഹിക്കുക. വിദേശ സർവ്വകലാശാലകളിൽ വ്യാവസായിക ബന്ധം സ്ഥാപിക്കുന്ന വിധത്തിലുള്ള ഗവേഷണപഠനങ്ങൾക്കാകും സ്കോളർഷിപ്പ് അനുവദിക്കുക. ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളിലെ ഗവേഷണങ്ങളിലൂടെ പേറ്റന്റ് നേടിയ ഉത്പന്നങ്ങളെ വ്യാവസായികമായി ഉപയുക്തമാക്കുന്നതിന് സഹായകമായാണ് ട്രാൻസ്ലേഷണൽ റിസർച്ച് റിസ്ക് ഫണ്ട് നൽകുക. ഉന്നതവിദ്യാസ സ്ഥാപനങ്ങൾ, സ്റ്റാർട്ടപ്പ് മിഷൻ, വ്യവസായ വികസന കോർപ്പറേഷൻ, ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ തുടങ്ങിയ സ്ഥാപനങ്ങളിലെ വിദഗ്ധരായിരിക്കും ഉത്പന്നങ്ങളെയും സേവനങ്ങളെയും തിരഞ്ഞെടുക്കുക മന്ത്രി പറഞ്ഞു.

# മാലിന്യ ശേഖരണം കാര്യക്ഷമമാക്കണം : കെ.എച്ച്.ആർ.എ

**കൊച്ചി:** കൊച്ചി കോർപ്പറേഷൻ പരിധിയിലെ ഹോട്ടലുകളിൽനിന്നും കോർപ്പറേഷൻ അംഗീകരിച്ച ഏജൻസികൾ വഴി ജൈവ മാലിന്യം ശേഖരിക്കുന്നുണ്ടെങ്കിലും നഗരത്തിലെ എല്ലാ മേഖലകളിൽനിന്നും മാലിന്യം ശേഖരിക്കണമെന്നും, മാലിന്യശേഖരണം കൂടുതൽ കാര്യക്ഷമമാക്കണമെന്നും കേരള ഹോട്ടൽ ആന്റ് റസ്റ്റോറന്റ് അസോസിയഷൻ സിറ്റി മേഖല പൊതുയോഗം ആവശ്യപ്പെട്ടു. കോർപ്പറേഷൻ മുൻകയ്യെടുത്ത് മാലിന്യം ശേഖരിച്ച് സംസ്കരിക്കുന്ന സംവിധാനവും, മലിനജല സംസ്കരണ സംവിധാനവും ഏർപ്പെടുത്തിയാൽ അതുമായി നഗരത്തിലെ എല്ലാ ഹോട്ടലുകളും സഹകരിക്കുവാൻ തയ്യാറാണെന്നും പൊതുയോഗം അറിയിച്ചു. നിസാരകാരണങ്ങൾ പറഞ്ഞും കൂടുതൽ നിബന്ധനകൾ ഏർപ്പെടുത്തിയും പതിറ്റാണ്ടുകളായി നഗരത്തിൽ പ്രവർത്തിക്കുന്ന ഹോട്ടലുകളുടെ ലൈസൻസ് പുതുക്കിനൽകാത്ത കോർപ്പറേഷൻ നടപടിയിൽ പൊതുയോഗം പ്രതിഷേധിച്ചു. സംസ്ഥാനസർക്കാർ വ്യവസായ സൗഹൃദാന്തരീക്ഷം സൃഷ്ടിച്ച് കൂടുതൽ സംരംഭങ്ങൾ സംസ്ഥാനത്ത് ആരംഭിക്കുവാൻ ശ്രമിക്കുമ്പോഴാണ് വർഷങ്ങളായി നഗരത്തിൽ പ്രവർത്തിക്കുന്ന ഹോട്ടലുകളുടെ ലൈസൻസ് പുതുക്കി നൽകാതെ കോർപ്പറേഷൻ ബുദ്ധിമുട്ടിക്കുന്നത്. കൊച്ചി കോർപ്പറേഷനും വ്യാപാര, വ്യവസായ സൗഹൃദമാകണമെന്ന് പൊതുയോഗം ആവശ്യപ്പെട്ടു. മേഖലാ പ്രസിഡന്റ് അസീസ് മൂസ അദ്ധ്യതവഹിച്ച യോഗത്തിൽ ജില്ലാപ്രസിഡന്റ് ടി. ജെ. മനോഹരൻ, ജില്ലാസെക്രട്ടറി കെ. ടി. റഹിം, മേഖലാ സെക്രട്ടറി അരുൺ എസ്. റെഡി എന്നിവർ സംസാരിച്ചു.തുടർന്നു നടന്ന ഭാരവാഹികളുടെ തെരഞ്ഞെടുപ്പിൽ അസീസ് മൂസയെ മേഖല പ്രസിഡന്റായും ബൈജു പി. ഡേവിസിനെ സെക്രട്ടറിയായും, അബൂബക്കറിനെ ട്രഷററായും തെരഞ്ഞെടുത്തു. ടി. കെ. ഷംസുദ്ദീൻ(രക്ഷാധികാരി), ബെന്നി നാനാട്ട് (വർക്കിംഗ് പ്രസിഡന്റ്), അരുൺ എസ്. റെഡി (വൈസ് പ്രസിഡന്റ്), മുഹമ്മദ് കമ്രാൻ (ജോ. സെക്രട്ടറി) എന്നിവരാണ് മറ്റു ഭാരവാഹികൾ

# കെസ്മാർട്ട്:ആദ്യ ജനന സർട്ടിഫിക്കറ്റ് കൊച്ചി നഗരസഭയിൽ നിന്നും



**കൊച്ചി:**പുതുവർഷപുലരിയിൽ ബഹു.മുഖ്യമന്ത്രി നാടിന് സമർപ്പിച്ച അമൂല്യ സമ്മാനമാണ് കെസ്മാർട്ട്. തദ്ദേശ സ്വയംഭരണ നിർവ്വഹണം പരമാവധി വേഗത്തിലും, ഫലപ്രദമായും നടപ്പിലാക്കുവാൻ സഹായകരമായ ഈ ആപ്ലിക്കേഷൻ വഴി, ജനനമരണ വിവാഹ രജിസ്ട്രേഷൻ മുതൽ സംരംഭങ്ങൾക്കുള്ള ലൈസൻസ്, കെട്ടിട നിർമ്മാണ അനുമതി തുടങ്ങി നിരവധി സേവനങ്ങൾ എളുപ്പത്തിൽ ലഭ്യമാകും. റിനൈ മെഡിസിറ്റി ഹോസ്പിറ്റലിൽ ഡിസംബർ 26 ന് ജനിച്ച കുട്ടിയുടെ ജനന സർട്ടിഫിക്കറ്റാണ് കെസ്മാർട്ട് വഴി രജിസ്റ്റർ ചെയ്ത് നഗരസഭ സെക്രട്ടറി കുട്ടിയുടെ പിതാവിന് കൈമാറിയത്.

## എയർലൈൻ ആന്റ് എയർപോർട്ട് മാനേജ്മെന്റിൽ ഡിപ്ലോമ

**കൊച്ചി:**സംസ്ഥാന പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന എസ്.ആർ.സി കമ്മ്യൂണിറ്റി കോളേജ് 2024 ജനുവരി സെഷനിൽ ആരംഭിക്കുന്ന ഡിപ്ലോമ ഇൻ എയർലൈൻ ആന്റ് എയർപോർട്ട് മാനേജ്മെന്റ് (DAM) പ്രോഗ്രാമിലേക്ക് പ്ലസ്ടു അഥവാ തത്തുല്യ യോഗ്യതയോ ഉള്ളവർക്ക് അപേക്ഷിക്കാം.തിരുവനന്തപുരം (9846033001), അടൂർ (7012449076) എന്നിവിടങ്ങളിലുള്ള എസ് ആർ സി കമ്മ്യൂണിറ്റി കോളേജിന്റെ അംഗീകൃത പഠന കേന്ദ്രങ്ങളിലൂടെ പഠനം പൂർത്തിയാക്കാം. പ്രോഗ്രാം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് ക്യാബിൻ ക്രൂ, ഗ്രൗ ഹാൻഡ്‌ലിംഗ് ഏജന്റ്, കസ്റ്റമർ സർവ്വീസ് അസോസിയേറ്റ് എന്നീ തൊഴിലിന് വേ അറിവും കഴിവും നൈപുണ്യവും ലഭിക്കും. എയർപോർട്ടിന്റെ പ്രവർത്തനങ്ങൾ, എയർപോർട്ടിന്റെ വിവിധ സെക്ഷനുകൾ, ടിക്കറ്റിംഗ്, ബോർഡിംഗ്, സെക്യൂരിറ്റി, കസ്റ്റമർ ഹാൻഡ്‌ലിംഗ്. എന്നിവയിൽ പ്രാവീണ്യം നൽകും. ഇന്റേൺഷിപ്പും പ്രോഗ്രാമിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ട്. പ്രോഗ്രാമിൽ മികവ് പുലർത്തുന്നവർക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതി നുള്ള സേവനങ്ങളും എയർപോർട്ട് മാനേജ്മെന്റ് രംഗത്തുള്ള ഏജൻസികളുടെ സഹകരണത്തോടെ നടത്തുന്നതാണ്. ആപ്ലിക്കേഷൻ ഓൺലൈനായി സമർപ്പിക്കുന്നതിന് https://apps.rccc.in/registeൃ ലിങ്കിലൂടെ കഴിയും. വിശദവിവരങ്ങൾ തിരുവനന്തപുരം നന്ദാവനത്തുള്ള എസ്.ആർ.സി. ഓഫീസിൽ നിന്ന് നേരിട്ടും ലഭിക്കും. വിലാസം: ഡയറക്ടർ, സ്റ്റേറ്റ് റിസോഴ്സ് സെന്റർ, നന്ദാവനം. വികാസ് ഭവൻ പി. 63.. തിരുവനന്തപുരം33. ഫോൺ നം: 04712325101, 8281114464. വിശദാംശങ്ങൾ www s.rccc.in എന്ന വെബ്സൈറ്റിലും ലഭ്യമാണ്. മറ്റു മാർഗങ്ങളിലൂടെ അപേക്ഷകൾ സ്വീകരിക്കുന്നതല്ല. അപേക്ഷിക്കേ അവസാന തീയതി 2024 ജനുവരി 31 ആണ്.

# ശ്വാസകോശത്തിന് ഗുരുതരരോഗം എക്മോ ചികിത്സയിലൂടെ പിഞ്ചു കുഞ്ഞിന് പുനർജീവൻ

**കൊച്ചി:** ശ്വാസകോശത്തിന് ഗുരുതരരോഗം ബാധിച്ച ഒന്നരമാസം മാത്രം പ്രായമുള്ള കുഞ്ഞിന് ബാഹികമായി ശ്വാസോച്ഛ്വാസ പിന്തുണ നൽകുന്ന എക്മോ ചികിത്സ (എക്സ്ട്രാകോർപ്പോറിയൽ മെംബ്രെയിൻ ഓക്സിജനേഷൻ) വിജയകരമായി പൂർത്തിയാക്കി കൊച്ചി ആസ്റ്റർ മെഡ്സിറ്റിയിലെ ഡോക്ടർമാരുടെ സംഘം. ഏഴാം മാസത്തിൽ പിറന്ന ഒന്നരമാസം മാത്രം പ്രായമുള്ള അയിഷത്ത് അഫ്രീൻ ആരിഫാണ് നിരന്തരപ്രയത്നത്തിലൂടെ ജീവിതത്തിലേക്ക് മടങ്ങിവന്നത്.ന്യുമോണിയയും ശ്വാസതടസവും ഗുരുതരമായപ്പോഴാണ് കുഞ്ഞിനെ ആശുപത്രിയിലെത്തിച്ചത്. ആദ്യത്തെ പത്ത് ദിവസം വെന്റിലേറ്ററിലായിരുന്നു. കടുത്ത വൈറസ് ബാധയായിരുന്നു പ്രതിസന്ധി. പിന്നാലെ വീണ്ടും അണുബാധയുണ്ടായത് കാര്യങ്ങൾ സങ്കീർണമാക്കി. ആന്റിബയോട്ടിക്കുകൾ നൽകിയിട്ടും ശ്വാസകോശത്തിലെ തകരാർ കാരണം ഫലമുണ്ടായില്ല. സാധാരണ വെന്റിലേറ്ററിന്റെ സഹായത്തോടെ രക്തത്തിലെ ഓക്സിജന്റെ അളവ് നിയന്ത്രിക്കാൻ സാധിച്ചില്ല. ആ ഘട്ടത്തിലാണ് എയർ ആംബുലൻസിലൂടെ കൊച്ചിയിലെത്തിച്ച് ആസ്റ്റർ മെഡ്സിറ്റിയിൽ അഡ്മിറ്റ് ചെയ്തത്.ഉയർന്ന തരംഗദൈർഖ്യമുള്ള, അതിനൂതന വെന്റിലേറ്ററിൽ കുഞ്ഞിനെ പ്രവേശിപ്പിക്കുകയും ചെയ്യ്തു.പക്ഷേ വെന്റിലേറ്ററിന്റെ പിന്തുണകൊണ്ടുമാത്രം കാര്യമില്ലെന്ന് തിരിച്ചറിഞ്ഞതോടെ ശ്വാസകോശത്തിനും ഹൃദയത്തിനും എക്മോ പിന്തുണ നല്കാൻ തീരുമാനിച്ചു.നവംബർ ഒന്നിന് ആരംഭിച്ച എക്മോ ചികിത്സ 14 ദിവസം നീണ്ടുനിന്നു. ഇക്കാലയളവിൽ കുഞ്ഞിന്റെ ആരോഗ്യനിലയിൽ വലിയ പുരോഗതിയുണ്ടായി. പിന്നീട് 16 ദിവസം വെന്റിലേറ്ററിന്റെ സഹായത്തോടെ ചികിത്സ തുടർന്നു. പിന്നീട് കൂടിയ അളവിൽ മൂക്കിലൂടെ ഓക്സിജൻ നൽകുന്ന ഉപകരണത്തിന്റെ സഹായത്തോടെ വെന്റിലേറ്ററിൽ നിന്ന് മാറ്റി. ഈ ചികിത്സാ ഘട്ടങ്ങളിലെല്ലാം കുഞ്ഞിന്റെ ആരോഗ്യനില തൃപ്തികരമായി തന്നെ തുടർന്നു. ഒടുവിൽ ഒരു മാസത്തോളം നീണ്ട പോരാട്ടത്തിനും പ്രാർത്ഥനകൾക്കുമൊടുവിൽ ആസ്റ്റർ മെഡ്സിറ്റിയിൽ നിന്നും ഡിസ്ചാർജ് ആയി.സീനിയർ കൺസൽട്ടൻറ് ഡോ. സുരേഷ് ജി. നായരുടെ നേതൃത്വത്തിലുള്ള അനസ്തേഷ്യോളജി, ക്രിട്ടിക്കൽ കെയർ ഉൾപ്പെടെയുള്ള ആസ്റ്റർ മെഡ്സിറ്റിയിലെ വിവിധ വിഭാഗങ്ങളുടെ കൂട്ടായ പരിശ്രമത്തിന്റെ ഫലമായാണ് കുട്ടിയെ രക്ഷിക്കാനായത്. മുൻപ് കണ്ടിട്ടില്ലാത്തവിധം വെല്ലുവിളിഞ്ഞ നിറഞ്ഞ ദൗത്യമായിരുന്നു അയിഷത്തിന്റെ ചികിത്സയെന്ന് ആസ്റ്റർ മെഡ്സിറ്റിയിലെ ശിശുരോഗവിഭാഗത്തിലെ ഹൃദയശസ്ത്രക്രിയാ വിദഗ്ധൻ, സീനിയർ കൺസൽട്ടൻറ് ഡോ. സാജൻ കോശി പറഞ്ഞു. നിരവധി ഡോക്ടർമാരും ജീവനക്കാരും ചേർന്ന് നടത്തിയ അക്ഷീണപ്രയത്നമാണ് കാര്യങ്ങൾ അനുകൂലമാക്കിയതെന്ന് അദ്ദേഹം പറയുന്നു.

# അപ്രന്റീസ് ക്ലർക്ക് പരിശീലനം അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** ജില്ലയിലെ അഭ്യസ്ത വിദ്യരും തൊഴിൽ രഹിതരുമായ പട്ടികജാതി യുവതീ യുവാക്കൾക്ക് ജില്ലയിലെ വകുപ്പിന് കീഴിലുള ള ഇടപ്പള്ളി ഐടിഐയിലേക്ക് (ഒരു ഒഴിവ്) അപ്രന്റീസ് ക്ലർക്കിനെ പരിശീലനത്തിനായി അപേക്ഷ ക്ഷണിച്ചു. ബിരുദവും ഡിസിഎ/കോപ്പ (DCA/COPA) മലയാളം കമ്പ്യൂട്ടിങ്ങിലെ അറിവും ഉള്ളവരും 21 നും 35 വയസ്സിനുമിടയ്ക്ക് പ്രായമുള്ള എറണാകുളം ജില്ലയിലുള്ളവരുമായിരിക്കണം. ഒരു വർഷമാണ് പരിശീലന കാലയളവ്. 10,000 രൂപ സ്റ്റൈപ്പന്റായി നൽകും. അപ്രൻറീസ് ക്ലർക്കായി നിയമിക്കപ്പെടുന്നവർക്ക് സ്ഥിരനിയമനത്തിന് അർഹത ഉായിരിക്കുന്നതല്ല. നിശ്ചിത മാതൃകയിലുള്ള അപേക്ഷ, ജാതി, വിദ്യാഭ്യാസ യോഗ്യത, പ്രായം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ, പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ സഹിതം ജില്ലാ പട്ടികജാതി വികസന ഓഫീസിൽ 15.01.2024, വൈകിട്ട് 5ന് മുമ്പായി സമർപ്പിക്കണം. വിശദ വിവരങ്ങൾക്ക് ജില്ലാ പട്ടികജാതി വികസന ഓഫീസുമായി ബന്ധപ്പെടുക. ഫോൺ 0484 2422256.

# കെൽട്രോൺ സർട്ടിഫൈഡ് എത്തിക്കൽ ഹാക്കർ : അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** സർക്കാർ സ്ഥാപനമായ കെൽട്രോണിന്റെ പാലക്കാട്, തൃശ്ശൂർ, എറണാകുളം നോളജ് സെന്ററുകളിൽ ജനുവരി 17 ന് തുടങ്ങുന്ന കെൽട്രോൺ സർട്ടിഫൈഡ് എത്തിക്കൽ ഹാക്കർ (മൂന്ന് മാസം, യോഗ്യത പ്ലസ് ടു) താൽപര്യമുള്ളവർ 7356111124, 9188665545 എന്നീ ഫോൺ നമ്പറുകളിൽ വിളിച്ച് അഡ്മിഷൻ ഉറപ്പാക്കുകയും കെൽട്രോണിന്റെ നോളജ് സെന്ററുകളിൽ അപേക്ഷ സമർപ്പിക്കുകയും ചെയ്യുക.

## ജെയിൻ യൂണിവേഴ്സിറ്റിക്ക് രാഷ്ട്രീയ ഖേൽ പ്രോത്സാഹൻ പുരസ്കാരം

JGi JAIN DEEMED-TO-BE UNIVERSITY

കൊച്ചി: കേന്ദ്ര യുവജനകാര്യ, കായിക മന്ത്രാലയം നൽകി വരുന്ന രാഷ്ട്രീയ ഖേൽ പ്രോത്സാഹൻ പുരസ്കാരത്തിന് രാജ്യത്തെ പ്രമുഖ ഡീംഡ് ടു ബി യൂണിവേഴ്സിറ്റികളിലൊന്നായ ജെയിൻ യൂണിവേഴ്സിറ്റി അർഹമായി. വളർന്നുവരുന്ന യുവപ്രതിഭകളെ തിരിച്ചറിയുന്നതിലും വളർത്തുന്നതിലുമുള്ള വിഭാഗത്തിലാണ് ജെയിൻ യൂണിവേഴ്സിറ്റിക്ക് പുരസ്കാരം ലഭിച്ചിരിക്കുന്നതെന്ന് യൂണിവേഴ്സിറ്റി അധികൃതർ വ്യക്തമാക്കി.രാജ്യത്തെ കായിക രംഗത്തെ പ്രചാരണത്തിനും വികസനത്തിനും സംഘടനകൾക്ക് നൽകുന്ന ഏറ്റവും വലിയ പുരസ്കാരമാണ് രാഷ്ട്രീയ ഖേൽ പ്രോത്സാഹൻ പുരസ്കാരം. കേന്ദ്ര സ്പോർട്സ് സെക്രട്ടറി സുജാത ചതുർവേദിയുടെ നേതൃത്വത്തിലുള്ള സെലക്ഷൻ കമ്മിറ്റിയാണ് പുരസ്കാരജേതാക്കളെ നിർണയിച്ചത്.ഈ മാസം 9ന് രാവിലെ 11 മണിക്ക് രാഷ്ട്രപതി ഭവനിൽ സംഘടിപ്പിക്കുന്ന പ്രത്യേക ചടങ്ങിൽ വച്ച് രാഷ്ട്രപതി പുരസ്കാരങ്ങൾ സമ്മാനിക്കും.30ലേറെ വർഷങ്ങളായി വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന, ര് യൂണിവേഴ്സിറ്റികൾ അടക്കം 80ലേറെ സ്ഥാപനങ്ങളുള്ള ജെയിൻ ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസിന്റെ ഉടമസ്ഥതയിലുള്ളതാണ് ജെയിൻ ഡീംഡ് ടു ബി യൂണിവേഴ്സിറ്റി. നാക്ക് എ ഡബിൾ പ്ലസ് അംഗീകാരവും യുജിസിയുടെ കാറ്റഗറി വൺ ഗ്രേഡഡ് ഓട്ടോണമിയുമുള്ള രാജ്യത്തെ പ്രമുഖ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഒന്നാണ് ഈ യൂണിവേഴ്സിറ്റി. ബെംഗളൂരു ആസ്ഥാനമായ ജെയിൻ യൂണിവേഴ്സിറ്റി കൊച്ചിയിൽ ഓഫ് കാമ്പസ് പ്രവർത്തിക്കുന്നുണ്ടെന്നും അധികൃതർ വ്യക്തമാക്കി.

### ആർദ്രം ജീവിതശൈലീ രോഗ നിർണയം

## 6.26 ലക്ഷം പേർക്ക് രക്താതിമർദവും അര ലക്ഷത്തിലധികം പേർക്ക് പ്രമേഹവും



**തിരുവനന്തപുരം:** ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പിലാക്കിയ ആർദ്രം ആരോഗ്യം ജീവിതശൈലി രോഗനിർണയ സ്ക്രീനിംഗിന്റെ രണ്ടാംഘട്ടം ഉടൻ ആരംഭിക്കുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ആദ്യഘട്ടത്തിൽ ഇതുവരെ ആകെ 1,53,25,530 പേരുടെ സ്ക്രീനിംഗ് പൂർത്തിയാക്കി. ഇതിൽ നിലവിൽ 18.14 ശതമാനം (27,80,639) പേർക്ക് ഏതെങ്കിലും ഒരു ഗുരുതര രോഗം വരുന്നതിനുള്ള സാധ്യത ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. ആശാവർക്കർമാർ വീട്ടിലെത്തി സ്ക്രീനിംഗ് നടത്തിയവരിൽ രോഗസാധ്യത കൂടുതലുള്ളവരെ വിദഗ്ധ പരിശോധനയ്ക്ക് വിധേയമാക്കി. സ്ക്രീനിംഗിലൂടെ രക്താതിമർദം സംശയിച്ച 20,51,305 പേരിൽ നടത്തിയ പരിശോധനയിൽ 6,26,530 (31 ശതമാനം) പേർക്ക് പുതുതായി രക്താതിമർദവും സ്ക്രീനിംഗിലൂടെ പ്രമേഹം സംശയിച്ച 20,45,507 പേരിൽ നടത്തിയ പരിശോധനയിൽ 55,102 (2.7 ശതമാനം) പേർക്ക് പുതുതായി പ്രമേഹവും സ്ഥിരീകരിച്ചു. നിലവിൽ രക്താതിമർദവും പ്രമേഹവുമുള്ളവർക്ക് പുറമേയുള്ള കണക്കാണിത്. സംസ്ഥാനത്ത് പരിശോധന നടത്തിയ മൂന്നിൽ ഒരാൾക്ക് രക്താതിമർദം ഉണ്ടെന്നാണ് ഒന്നാംഘട്ട സർവേയിലൂടെ കണ്ടെത്തിയിരിക്കുന്നത്.ആദ്യഘട്ടത്തിൽ 30 വയസിന് മുകളിൽ പ്രായമുള്ള 1.53 കോടിയിലധികം പേരുടെ സ്ക്രീനിംഗ് പൂർത്തിയാക്കിയിരുന്നു. സ്ക്രീനിംഗിൽ രോഗ സാധ്യതയുള്ള 13.6 ലക്ഷത്തോളം പേരുടെ തുടർ പരിശോധനകൾ പൂർത്തിയാക്കുകയും ആവശ്യമായവർക്ക് തുടർ ചികിത്സ ഉറപ്പാക്കുകയും ചെയ്തു. 30 വയസിന് മുകളിൽ ലക്ഷ്യം വച്ചവരിൽ ബഹുഭൂരിപക്ഷം വ്യക്തികളുടേയും സ്ക്രീനിംഗ് നടത്തിയ സ്ഥിതിയിലാണ് രണ്ടാം ഘട്ടത്തിലേക്ക് പോകുന്നത്. ഇതിനായി ശൈലി 2 ആപ്പ് വികസിപ്പിക്കുമെന്നും മന്ത്രി വ്യക്തമാക്കി. വീടുകളിലെത്തി സ്ക്രീനിംഗ് നടത്തി രോഗസാധ്യത കണ്ടെത്തിയ വ്യക്തികളെ പരിശോധിച്ച് രോഗനിർണയം നടത്തി തുടർചികിത്സ ഉറപ്പാക്കുന്നു എന്നതാണ് ഈ പദ്ധതിയുടെ പ്രത്യേകത. നിലവിൽ ജീവിതശൈലീ രോഗങ്ങളുള്ളവരുടേയും സാധ്യതയുള്ളവരുടേയും കൃത്യമായ വിവരങ്ങൾ ശേഖരിക്കാൻ ആരോഗ്യ വകുപ്പിനായി. ജീവിതശൈലീ രോഗങ്ങൾ നേരത്തേ തന്നെ കണ്ടുപിടിച്ച് ചികിത്സിക്കുന്നത് വഴി രോഗം സങ്കീർണമാകാതെ നിയന്ത്രിക്കാൻ സാധിക്കും. അതോടൊപ്പം രോഗസാധ്യത കണ്ടെത്തിയവരിൽ ജീവിതശൈലിയിൽ മാറ്റം വരുത്തിയും വ്യായാമത്തിലൂടെയും ജീവിതശൈലീ രോഗങ്ങൾ വരാതെ നോക്കാനും സാധിക്കുന്നു.മന്ത്രി വീണാ ജോർജിന്റെ നേതൃത്വത്തിൽ നടന്ന ഉന്നതതല യോഗത്തിൽ ശൈലി 2 പദ്ധതിയ്ക്ക് അന്തിമ രൂപം നൽകി. ജനകീയ പങ്കാളിത്തത്തോടെയായിരിക്കും പദ്ധതി നടപ്പിലാക്കുക. ഇ ഹെൽത്ത് രൂപകൽപന ചെയ്യുന്ന ശൈലി ആപ്പിന്റെ സഹായത്തോടെ ആശാ പ്രവർത്തകർ നേരിട്ട് വീടുകളിലെത്തിയാണ് സ്ക്രീനിംഗ് നടത്തുന്നത്. രണ്ടാം ഘട്ടത്തിൽ കുഷ്ഠ രോഗം, കാഴ്ച പരിമിതി, കേൾവി പരിമിതി, മാനസികാരോഗ്യ പ്രശ്നങ്ങൾ എന്നിവയുടെ സ്ക്രീനിംഗും നടത്തും. നഗര പ്രദേശങ്ങളിലെ സ്ക്രീനിംഗ് ഊർജിതമാക്കും. നവകേരളം കർമ്മപദ്ധതി ആർദ്രം രണ്ടിന്റെ ഭാഗമായി സംസ്ഥാനത്തെ 30 വയസിന് മുകളിൽ പ്രായമുള്ള എല്ലാ വ്യക്തികളേയും സ്ക്രീൻ ചെയ്യുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. വാർഷികാരോഗ്യ പരിശോധന സമയബന്ധിതമായി പൂർത്തിയാക്കത്തക്ക രീതിയിൽ പ്രവർത്തനങ്ങൾ ക്രോഡീകരിക്കും.

## തിരുവനന്തപുരത്ത്കാർക്ക് പ്രിയം ചിക്കൻ വിഭവങ്ങളോട്: ഇന്ത്യ സ്വിഗ്ഗി റിപ്പോർട്ട്

**തിരുവനന്തപുരം:** അത്താഴഭക്ഷണം ഓർഡർ ചെയ്യുന്നതിലാണ് തിരുവനന്തപുരം നഗരത്തിൽ ഏറെ തിരക്കെന്ന് ഇന്ത്യ സ്വിഗ്ഗി റിപ്പോർട്ട് 2023. വൈവിധ്യമാർന്ന ഭക്ഷണങ്ങളിൽ നഗരനിവാസികൾക്ക് താത്പര്യമേറെയെങ്കിലും ഏറ്റവുമധികം പ്രിയം ചിക്കൻ വിഭവങ്ങളോടാണ്. ചിക്കൻ ബിരിയാണി, ചിക്കൻ ഫ്രൈഡ് റൈസ്, ചിക്കൻ ഫ്രൈ എന്നിവയ്ക്കു തൊട്ടുപിന്നിലെ സ്ഥാനങ്ങളിലായി മസാല ദോശ, പൊറോട്ട എന്നിവയുമുണ്ട്. ചോക്കോ ലാവ, കോക്കനട്ട് പുഡ്ഡിംഗ്, പ്രത്യേക ഫലൂഡ ഐസ്ക്രീം, ഫ്രൂട്ട് സാലഡ്, സ്പെഷ്യൽ നെയ്യ് ബോളി എന്നിവയ്ക്കും ആവശ്യക്കാരേറെ.പോയ വർഷം തിരുവനന്തപുരത്തെ ഒരൊറ്റ ഉപയോക്താവിൽ നിന്ന് 1631 ഓർഡറുകൾ (പ്രതിദിനം ശരാശരി 4 വീതം ) സ്വിഗ്ഗിക്കു ലഭിച്ചതായി റിപ്പോർട്ടിൽ പറയുന്നു. ഒറ്റത്തവണ ലഭിച്ച ഏറ്റവും ഉയർന്ന ഓർഡർ 18,711 രൂപയുടേതാണ്. കഴിഞ്ഞവർഷം ജനുവരി ഒന്നുമുതൽ നവംബർ 15 വരെയുള്ള കണക്കുകളാണ് റിപ്പോർട്ടിൽ.പുതിയ വിഭവങ്ങൾക്കൊപ്പം പരമ്പരാഗത രുചികളോടുള്ള തിരുവനന്തപുരത്തിന്റെ ഇഷ്ടം സ്വിഗ്ഗിയിലെ ഓർഡറുകളിലൂടെ വ്യക്തമാകുന്നുണ്ട് നാഷണൽ ബിസിനസ് ഹെഡ് വിപി സിദ്ധാർത്ഥ് ഭക്കൂ പറഞ്ഞു. നഗരത്തിലെ മികച്ച ഭക്ഷണ വിതരണ പ്ലാറ്റ്ഫോമായതിൽ സ്വിഗ്ഗിക്കു അഭിമാനമുണ്ട്. ഇത് പ്രതിബദ്ധതാ പൂർണമായ സേവനം കൂടുതൽ മികവോടെ തുടരുന്നതിൽ പ്രതിജ്ഞാബദ്ധമാണെന്നും അദ്ദേഹം പറഞ്ഞു.

## അവകാശങ്ങൾക്കൊപ്പം കർത്തവ്യങ്ങളും കുട്ടികളെ ബോധ്യപ്പെടുത്തണം

**തിരുവനന്തപുരം:**അവകാശങ്ങളോടൊപ്പം കർത്തവ്യങ്ങളും കുട്ടികളെ ബോധ്യപ്പെടുത്താൻ അധ്യാപക സമൂഹത്തിന് കഴിയണമെന്ന് സംസ്ഥാന ബാലവകാശ കമ്മീഷൻ ചെയർമാൻ കെ വി മനോജ് കുമാർ പറഞ്ഞു. പോലീസ് വകുപ്പും സംസ്ഥാന ബാലാവകാശ കമ്മീഷനും സംയുക്തമായി തിരുവനന്തപുരം റൂറൽ പരിധിയിലെ എസ് പി സി ചുമതലയുള്ള അധ്യാപകർക്ക് സംഘടിപ്പിച്ച ഏകദിന പരിശീലന പരിപാടി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.കുട്ടികളുടെ അതിജീവനം വികസനം സുരക്ഷിതത്വം സംരക്ഷണം എന്നിവ സമൂഹത്തിന്റെ ബാധ്യതയാണ്. അവകാശ ലംഘനങ്ങളിൽ ഇടപെടുന്നതോടൊപ്പം ബാലവകാശ കമ്മീഷൻ നയപരമായ വിഷയങ്ങളിൽ ഗവൺമെന്റിന് നിർദേശം നൽകുകയും ചെയ്യുന്നു. ശിശു സംരക്ഷണ നിയമങ്ങളെക്കുറിച്ച് സമൂഹത്തിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. ഇതിനായി കുടുംബശ്രീയടക്കമുള്ള വിവിധ സംഘടനകളുമായി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കും.6 വയസ്സുവരെയുള്ള കുട്ടികളെ നിരപരാധികളായി കാണണം. ഒരു വയസ്സു മുതൽ ആറ് വയസ്സുവരെ അവരുടെ മാനസിക വികാസം പ്രാപിക്കുന്ന സമയമെന്ന നിലയിൽ കൂടുതൽ കരുതൽ നൽകേണ്ടതുണ്ട്. കുട്ടികളുടെ അന്തസ്സും മൂല്യവും നിലനിർത്താൻ അധ്യാപകർ പ്രത്യേകം ശ്രദ്ധിക്കണമെന്നും അദ്ദേഹം പറഞ്ഞു.തിരുവനന്തപുരം റൂറൽ ജനമൈത്രി ഹാളിൽ നടന്ന ചടങ്ങിൽ ബാലാവകാശ കമ്മീഷൻ അംഗങ്ങളായ എസ് സുനന്ദമേനോൻ, ജലജ മോൾ, ഡി വൈ എസ് പി വി ടി രാശിത്, സബ് ഇൻസ്പെക്ടർ എസ് വി ദേവകുമാർ എന്നിവർ സംബന്ധിച്ചു. കുട്ടികളുടെ അവകാശങ്ങളും നിയമങ്ങളും എന്ന വിഷയത്തിൽ എസ് അനിൽ, ശ്രീനേഷ് എന്നിവർ ക്ലാസുകൾ നയിച്ചു.

## അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക്കിൽ സൗജന്യ തൊഴിൽ പരിശീലനം

**കൊച്ചി:** ഫ്ര് ഓഫീസ് ട്രെയിനീ കോഴ്സ് സൗജന്യമായി പഠിക്കാൻ എറണാകുളം പെരുമ്പാവൂർ അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക്കിൽ അവസരം. 18 45 വയസ്സ് ആണ് പ്രായപരിധി. ക്ലാസുകൾ ജനുവരിയിൽ തുടങ്ങുന്നതാണ്. താൽപര്യമുള്ളവർ ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ് ലിങ്ക് : https://forms.gle/QkCnWwzjwsYpTJVd7 പരിശീലനത്തിൽ പങ്കെടുക്കാനായി ആധാർ കാർഡ് മൊബൈൽ ഫോണുമായി ബന്ധിപ്പിച്ചെന്നു ഉറപ്പുവരുത്തിയതിനു ശേഷം, കുറുപ്പംപടിയിൽ സ്ഥിതി ചെയ്യുന്ന അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക്ക് സന്ദർശിച്ചു അഡ്മിഷൻ എടുക്കാവുന്നതാണ് .സീറ്റ് പരിമിതം. വിശദവിവരങ്ങൾക്കായി ബന്ധപെടുക : 8606923176, 9495999655

## അയലൂർ അപ്ലൈഡ് സയൻസ് കോളേജിൽ യുജിസി നെറ്റ് കോച്ചിംഗ്

**കൊച്ചി:** ജനറൽ പേപ്പർ, കംപ്യൂട്ടർ ആപ്ലിക്കേഷൻസ് പേപ്പർ ര്, ഇംഗ്ലീഷ് പേപ്പർ ര്, കോമേഴ്സ് പേപ്പർ ര്, ഇലക്ട്രോണിക് പേപ്പർ ര് മാനേജ്മെന്റ് പേപ്പർ ര് എന്നീ വിഷയങ്ങളിൽ യുജിസി നെറ്റ് കോച്ചിംഗ് ക്ലാസുകൾ നടത്തുന്നു. പ്രസ്തുത വിഷയങ്ങളിൽ പിജി കഴിഞ്ഞവർക്കും പി ജി ചെയ്യുന്നവർക്കും അപേക്ഷിയ്ക്കാം. ജൂണിലെ പരീക്ഷ കണക്കാക്കിയാണ് ക്ലാസ്സുകൾ നടത്തുക. ഓൺലൈൻ, ഓഫ് ലൈൻ ക്ലാസ്സുകൾ ഉായിരിയ്ക്കുന്നതാണ്. ജനുവരിയിൽ ക്ലാസുകൾ ആരംഭിക്കുന്നതായിരിക്കും. വിശദ വിവരങ്ങൾക്ക് കോളേജുമായി ബന്ധപ്പെടുക. ഫോൺ നമ്പർ : 9495069307, , 854700502, 04923 241766

# ഫുഡ്ടെക് കേരളാ പ്രദർശനം ജനുവരി 10 മുതൽ

**കൊച്ചി:** സംസ്ഥാനത്തെ പ്രമുഖ ഭക്ഷ്യസംസ്കരണ, പാക്കേജിംഗ് പ്രദർശനമായ ഫുഡ്ടെക് കേരളയുടെ പതിനഞ്ചാമത് പതിപ്പ് ജനുവരി 10 മുതൽ 12 വരെ കൊച്ചിയിലെ രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ നടക്കുമെന്ന് സംഘാടകർ വാർത്താസമ്മേളനത്തിൽ അറിയിച്ചു. സംസ്ഥാനത്തെ ചെറുതും വലുതുമായ ഭക്ഷ്യസംസ്കരണ സ്ഥാപനങ്ങൾക്കാവശ്യമായ ഭക്ഷ്യോൽപ്പന്ന മെഷീനറി, പാക്കേജിംഗ് ഉപകരണങ്ങൾ, ചേരുവകൾ തുടങ്ങിയ മേഖലകളിൽ നിന്നുള്ള 60ലേറെ സ്ഥാപനങ്ങൾ ഫുഡ്ടെകിൽ ഉൽപ്പന്നങ്ങളും സേവനങ്ങളും പ്രദർശിപ്പിക്കും.കേരളാ ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെബിപ്), നബാർഡ്, എൻഎസ്ഐസി, നോർകറൂട്ട്സ് തുടങ്ങിയ സ്ഥാപനങ്ങളുടെ അംഗീകാരവും പിന്തുണയും പ്രദർശനത്തിനുണ്ട്. നബാർഡ് സംഘടിപ്പിക്കുന്ന ഫുഡ് പ്രോസസ്സിംഗ് ഫണ്ട്ഇൻവെസ്റ്റർ മീറ്റ്, രണ്ടാം ദിവസം ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓപ് പാക്കേജിംഗ് (ഐഐപി) സംഘടിപ്പിക്കുന്ന ഏകദിന ഫുഡ് പാക്കേജിംഗ് പരിശീലന പരിപാടി എന്നിവയാകും ഇത്തവണത്തെ പ്രദർശനത്തിന്റെ മുഖ്യആകർഷണങ്ങളെന്ന് സംഘാടകരായ ക്രൂസ് എക്സ്പോസ് ഡയറക്ടർ ജോസഫ് കുര്യാക്കോസ് പറഞ്ഞു. ഇവയ്ക്കു പുറമെ സംസ്ഥാന വ്യവസായ വകുപ്പിനു കീഴിലുള്ള കെബിപ് സ്പോൺസർ ചെയ്യുന്ന 20 എസ്എംഇ യൂണിറ്റുകളുടെ വ്യാവസായിക പവലിയനും മേളയുടെ ഭാഗമാകും. ഭക്ഷ്യസംസ്കരണ, പാക്കേജിംഗ് ഉപകരണ സപ്ലയർമാർ, അവരുടെ ഉൽപ്പന്നങ്ങളും സേവനങ്ങളും പരിചയപ്പെടാനും വാങ്ങാനുമെത്തുന്ന സംസ്ഥാനത്തെ വ്യവസായികൾ എന്നിവരെ ബന്ധിപ്പിക്കുന്ന പൊതുവേദിയാവുകയാണ് പ്രദർശനത്തിന്റെ ലക്ഷ്യമെന്നും ജോസഫ് കുര്യാക്കോസ് പറഞ്ഞു.കോവിഡ് ഭീഷണി ഒഴിഞ്ഞതിനെത്തുടർന്ന് കേരളത്തിലെ ഭക്ഷ്യവ്യവസായം, വിശേഷിച്ചും ചെറുകിട യൂണിറ്റുകളും ഹോം ബേക്കർമാരും വൻകുതിപ്പിലാണ്. 'സംസ്ഥാനത്തുടനീളം ഭക്ഷ്യസംസ്കരണ വ്യവസായം മികച്ച വളർച്ചയാണ് കാഴ്ചവെയ്ക്കുന്നത്. പ്രത്യേകിച്ചും ഏറ്റവുമധികം ഭക്ഷ്യോൽപ്പന്ന യൂണിറ്റുകളുള്ള എറണാകുളം ജില്ലയിൽ. ഇവിടെ മാത്രം 50,000ത്തിലേറെപ്പേരാണ് ഈ രംഗത്ത് ജോലി ചെയ്യുന്നത്. സുഗന്ധവ്യഞ്ജനങ്ങൾ, മത്സ്യം, മാംസം, എണ്ണകൾ, റെഡിറ്റുഈറ്റ് ഉൽപ്പന്നങ്ങൾ തുടങ്ങിയ വ്യത്യസ്ത ഉൽപ്പന്നനിരകളാണ് ജില്ലയിലെ ഭക്ഷ്യോൽപ്പന്ന യൂണിറ്റുകൾ ഉൽപ്പാദിപ്പിക്കുന്നത്.വിദേശങ്ങളിൽ നിന്ന് തിരിച്ചു വന്ന് സംസ്ഥാനത്തെ ഫുഡ്, ഹൊറേക മേഖലകളിൽ സംരംഭങ്ങൾ തുടങ്ങാൻ ആലോചിക്കുന്നവർക്ക് ഫുഡ്ടെക് പ്രദർശനം മികച്ച വഴികാട്ടിയാകുമെന്നും ജോസഫ് കുര്യാക്കോസ് പറഞ്ഞു. സംസ്ഥാനത്തെ ഭക്ഷ്യസംസ്കരണ വ്യവസായത്തിന്റെ അടിത്തറ ഏറെ ശക്തമാണ്. ഈ മേഖലയുടെ സാമ്പത്തിക ഉന്നമനത്തിൽ ഭക്ഷ്യസംസ്കരണ മേഖല വഹിക്കുന്ന പങ്ക് ഏറെ വലുതാണ്. സമീപകാലത്ത് മൊത്തം വിറ്റുവരവ്, മൂല്യവർധന, തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ എന്നീ തുറകളിൽ മികച്ച വളർച്ച കാഴ്ചവെയ്ക്കുന്നതിൽ ഈ മേഖല നിർണായക സംഭാവനകളാണ് നൽകുന്നതെന്നും ജോസഫ് കുര്യാക്കോസ് പറഞ്ഞു.കൊച്ചി ആസ്ഥാനമായ ക്രൂസ് എക്സ്പോസാണ് ഫുഡ്ടെക് കേരളയുടെ സംഘാടകർ. കഴിഞ്ഞ 14 വർഷമായി ഫുഡ്ടെക് ശ്രേണിയിൽപ്പെട്ട ഒട്ടേറെ ബി2ബി പ്രദർശനങ്ങൾ കമ്പനി സംഘടിപ്പിച്ചിട്ടുണ്ട്. ഇക്കഴിഞ്ഞ ഒന്നരദശകത്തിനിടെ ദക്ഷിണേന്ത്യയിലെ മുൻനിര പ്രദർശന സംഘാടക കമ്പനിയായി വളരാനും ക്രൂസ് എക്സ്പോസിന് സാധിച്ചിട്ടുണ്ട്.ക്രൂസ് എക്സ്പോസ് ഡയറക്ടർ ജോസഫ് കുര്യാക്കോസ്, എക്സ്പോർട് പ്രൊമോഷൻ കൗൺസിൽ ഫോർ ഇഒയുസ് & എസ്ഇഇസഡ്സ് റീജിയണൽ ചെയർമാനും എപിഎഫ്ഇഡി അതോറിറ്റി അംഗവും നികാസു ഫ്രോസൺ ഫുഡ് സിഎംഡിയുമായ കെ കെ പിള്ള, നബാർഡ് ഇടുക്കി എറണാകുളം എജിഎം അജീഷ് ബാലു സി ജെ എന്നിവർ വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.




# മധുരപലഹാരങ്ങൾ ആരോഗ്യകരമാക്കണം



**കൊച്ചി:** ആഘോഷവേളകളിലും മറ്റും ഉപയോഗിക്കുന്ന മധുരപലഹാരങ്ങൾ ആരോഗ്യകരമാക്കാൻ മൂന്ന് നിർദേശങ്ങളുമായി ന്യൂട്രീഷൻ ആൻഡ് വെൽനസ് കൺസൾട്ടന്റ് ഷീല കൃഷ്ണസ്വാമി. ബേക്ക് ചെയ്യാത്ത ഓട്മീൽ കുക്കീസാണ് ഇതിൽ ആദ്യത്തേത്. മൈദയും വെളുത്ത പഞ്ചസാരയും പോലുള്ള ചേരുവകൾ കാരണം കുക്കീസിന്റെ പോഷക മൂല്യം സാധാരണയായി കുറവാണ്. മൈദക്ക് പകരം ഓട്സും വെള്ള പഞ്ചസാരക്ക് പകരം ശർക്കരയും ചേർത്ത് ആരോഗ്യകരമായ കുക്കീസ് നിർമിക്കാം.ഒരു ക്രഞ്ചിനായി മിശ്രിതത്തിലേക്ക് അരിഞ്ഞു വറുത്ത ബദാമും കൂടി ചേർക്കാമെന്നും ഷീല കൃഷ്ണസ്വാമി പറയുന്നു. ലോകത്തിലെ ഏറ്റവും പ്രശസ്തമായ ട്രീ നട്സായ ബദാമിൽ വിറ്റാമിൻ ഇ, മഗ്നീഷ്യം, പ്രോട്ടീൻ, റൈബോഫ്ളേവിൻ, സിങ്ക് എന്നിങ്ങനെ 15ലധികം പോഷകങ്ങൾ അടങ്ങിയിട്ടു്. ഭക്ഷണത്തിനിടയിൽ വിശപ്പ് അകറ്റാൻ ഒരു പിടി ബദാം സഹായിക്കും. മൊത്തം കൊളസ്ട്രോളും എൽഡിഎൽ കൊളസ്ട്രോളും കുറയ്ക്കാനും ഹൃദയാരോഗ്യത്തിനും ബദാം സഹായകരമാവും. സ്ട്രോബെറി ഡാർക്ക് ചോക്ലേറ്റാണ് നിർദേശത്തിൽ അവസാനത്തേത്. വൈവിധ്യമാർന്ന വിറ്റാമിനുകളും ധാതുക്കളും സ്ട്രോബെറിയിൽ അടങ്ങിയിട്ടു്, കൂടാതെ നോൺ ന്യൂട്രീറ്റീവ്, ബയോ ആക്റ്റീവ് സംയുക്തങ്ങളായ ഫ്ളേവനോയിഡുകൾ, ആന്തോസയാനിനുകൾ, ഫിനോളിക് ആസിഡുകൾ എന്നിവയുമു്.

# ഐടെൽ എ70 പുറത്തിറക്കി



**കൊച്ചി:** പതിനായിരം രൂപ താഴെ വിലയിലുള്ള ഇന്ത്യയിലെ ഏറ്റവും ജനപ്രിയ സ്മാർട്ട്ഫോൺ ബ്രാൻഡായ ഐടെൽ എ70 ഫോൺ അവതരിപ്പിച്ചു. 7,299 രൂപയിൽ 256 ജിബി സ്റ്റോറേജും 12 ജിബി റാമുമുള്ള ഇന്ത്യയിലെ ആദ്യത്തെ സ്മാർട്ട്ഫോണെന്ന സവിശേഷതയോടെയാണ് ഐ70 വരുന്നത്. ഡൈനാമിക് ബാറോടുകൂടിയ വലിയ 6.6 ഇഞ്ച് എച്ച്ഡി പ്ലസ് ഡിസ്പ്ലേയാണ് ഫോണിന്. 12 ജിബി (4+8) റാം കോൺഫിഗറേഷനോട് കൂടിയ 128 ജിബി വേരിയന്റും, 12 ജിബി (4+8) റാമിനൊപ്പം 64 ജിബി സ്റ്റോറേജ് വേരിയന്റും ഇതോടൊപ്പം പുറത്തിറക്കിയിട്ടു്. ടൈപ്പ് സി ചാർജിങ് പിന്തുണയ്ക്കുന്ന 5000 എംഎഎച്ച് ബാറ്ററി, 13 മെഗാപിക്സൽ എച്ച്ഡിആർ പിൻ ക്യാമറ, 8 മെഗാപിക്സൽ എഐ സെൽഫി ക്യാമറ, ഫേസ് റെക്കഗ്നിഷൻ, സൈഡ് മൗഡ് ഫിംഗർപ്രിന്റ് സ്കാനർ തുടങ്ങിയ ഫീച്ചറുകളും ഐടെൽ എ70ക്കു്. ഒക്ടാ-കോർ പ്രോസസറാണ് കരുത്ത്. ഫീൽഡ് ഗ്രീൻ, അസൂർ ബ്ലൂ, ബ്രില്യന്റ് ഗോൾഡ്, സ്റ്റാർലിഷ് ബ്ലാക്ക് എന്നീ നാല് നിറങ്ങളിൽ ഐടെൽ എ70 ലഭ്യമാകും, ജനുവരി 5 മുതൽ പ്രമുഖ ഓൺലൈൻ, ഓഫ്ലൈൻ സ്റ്റോറുകളിൽ 7,299 രൂപയെന്ന ആകർഷകമായ വിലയിൽ പുതിയ മോഡൽ വാങ്ങാം. 128ജിബി+12ജിബി വേരിയന്റിന് 6,799 രൂപയും, 64 ജിബി വേരിയന്റിന് 6,299 രൂപയുമാണ് വില. 2024ലേക്ക് കടക്കുമ്പോൾ, മത്സരാത്മകമായ വിലയിൽ സമാനതകളില്ലാത്ത ഫീച്ചറുകൾ, അത്യാധുനിക സാങ്കേതിക വിദ്യകൾ തുടങ്ങി പുതുമകൾ അവതരിപ്പിച്ചുകൊ് ഉപഭോക്താക്കളോടുള്ള പ്രതിബദ്ധത തങ്ങൾ വീം ഉറപ്പിക്കുന്നുവെന്ന് ഐടെൽ ഇന്ത്യ സിഇഒ അരിജീത് തലപത്ര പറഞ്ഞു. ഐടെൽ എ70 സ്മാർട്ട്ഫോണിന്റെ അവതരണം തങ്ങളുടെ മുന്നോട്ടുള്ള സമീപനത്തിന്റെ തെളിവാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# കൊച്ചിൻ ഡ്യൂട്ടി ഫ്രീ മെഗാ പ്രൊമോഷൻ : രണ്ട് വിജയികൾക്ക് ബമ്പർ സമ്മാനം




**കൊച്ചി:** കൊച്ചി ഇന്റർനാഷനൽ എയർപോർട്ടിലെ പ്രീമിയം ഷോപ്പിങ് കേന്ദ്രമായ കൊച്ചിൻ ഡ്യൂട്ടി ഫ്രീ യാത്രക്കാർക്കായി ഓണം സീസണിൽ സംഘടിപ്പിച്ച മെഗാ ഷോപ്പിങ് ഉത്സവത്തിലെ ബമ്പർ സമ്മാന വിജയികൾക്കുള്ള സമ്മാനദാന ചടങ്ങ് നടന്നു. 20 ലക്ഷം രൂപ വീതം വിലയുള്ള 2 മഹീന്ദ്ര എക്സ്.യു.വി കാറുകളാണ് ബമ്പർ സമ്മാനമായി നൽകിയത്. കോഴിക്കോട്, വടകര സ്വദേശി രഞ്ജിഷ് രയരോത്ത്, എറണാകുളം നോർത്ത് പറവൂർ സ്വദേശി മഞ്ജു ഡേവിസ് എന്നിവരാണ് നറുക്കെടുപ്പിലൂടെ മെഗാ സമ്മാനം സ്വന്തമാക്കിയത്. സിയാൽ എം. ഡി എസ്. സുഹാസ് ഐ.എ.എസ് ജേതാക്കൾക്ക് വാഹനത്തിന്റെ താക്കോൽ കൈമാറി. ഓഗസ്റ്റ്ഒക്ടോബർ മാസങ്ങളിലാണ് ഓണം മെഗാ ഷോപ്പിങ് ഉത്സവം സംഘടിപ്പിച്ചത്. 5000 രൂപയ്ക്ക് മുകളിൽ പർച്ചേസ് ചെയ്ത ഉപഭോക്താക്കളിൽ നിന്ന് നറുക്കെടുപ്പിലൂടെയാണ് വിജയികളെ കണ്ടെത്തിയത്. സമ്മാന വിതരണ ചടങ്ങിൽ കൊച്ചിൻ ഡ്യൂട്ടി ഫ്രീ എം. ഡി സജി കെ. ജോർജ്, സി.ഐ.എസ്.എഫ് കമാന്റന്റ് സുനിത് ശർമ, കസ്റ്റംസ് അസിസ്റ്റന്റ് കമ്മീഷണർ ഉമ്മൻ ജോസഫ്, കൊച്ചിൻ ഡ്യൂട്ടി ഫ്രീ സി.എഫ്.ഒ ലെന്നി സെബാസ്റ്റ്യൻ, സിയാൽ എക്സിക്യൂട്ടീവ് ഡയറക്ടർ & എച്ച്. ആർ ഹെഡ് ജയരാജൻ വി., ബ്രാൻഡ് മാനേജർ, മഹീന്ദ്ര, അങ്കുർ ചാച്ച്റ, കൊച്ചിൻ ഡ്യൂട്ടി ഫ്രീ ഡയറക്ടർമാർ, കസ്റ്റംസ് ഉദ്യോഗസ്ഥർ, സമ്മാന ജേതാക്കളുടെ കുടുംബാംഗങ്ങൾ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

## സമുദ്രമത്സ്യ മേഖലയിലെ വെല്ലുവിളികൾ നേരിടൽ

# നൂതന സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തണം: സുമൻ ബെറി




**കൊച്ചി:** സമുദ്രമത്സ്യ മേഖലയിലെ വെല്ലുവിളികൾ നേരിടുന്നതിന് നിർമിത ബുദ്ധി പോലുള്ള നൂതന സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തണമെന്ന് നീതി ആയോഗ് വൈസ് ചെയർമാൻ സുമൻ ബെറി.വിവിധ സംസ്ഥാനങ്ങളിലെ സമുദ്രമത്സ്യമേഖലയിലെ വികസന സാധ്യതകൾ ചർച്ച ചെയ്യുന്നതിനായി കൊച്ചി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) സംഘടിപ്പിച്ച ഉന്നതതല ദേശീയ ശിൽപശാല ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.വികസനത്തിന് ആക്കം കൂട്ടുന്നതിൽ സാങ്കേതികവിദ്യകൾ വിലയ പങ്കുണ്ട്.മത്സ്യത്തിനുള്ള ആവശ്യകത വർധിക്കുന്ന സാഹചര്യത്തിൽ ഉൽപാദനക്ഷമത വർധിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ ആവശ്യമാണ്. ഏതൊരു സമ്പദ്വ്യവസ്ഥയെയും ചലിപ്പിക്കുന്നത് ആവശ്യകതയാണ്. കേരളം പലകാര്യത്തിലും മുൻപന്തിയിലാണെന്നും അദ്ദേഹം പറഞ്ഞു.മത്സ്യമേഖലയിലെ വളർച്ചയുടെ കാര്യത്തിൽ സംസ്ഥാനങ്ങൾ തമ്മിൽ വലിയ അന്തരമാണുള്ളതെന്ന് നീതി ആയോഗ് അംഗം പ്രൊഫ. രമേശ് ചന്ത് ചൂണ്ടിക്കാട്ടി. വളർച്ച്ാനിരക്കിൽ ഒട്ടുമിക്ക തീരദേശ സംസ്ഥാനങ്ങളേക്കാളും ആന്ധ്രപ്രദേശ് വളരെ മുന്നിലാണ്. ഗുജറാത്ത്, മഹാരാഷ്ട്ര, കേരളം, തമിഴ്നാട്, കർണാടക എന്നീ സംസ്ഥാനങ്ങളുടെ മൊത്തം മത്സ്യോൽപാദനത്തേക്കാൾ 50 ശതമാനം മുകളിലാണ് ആന്ധ്രപ്രദേശിലെ മത്സ്യോൽപാദനം. ഈ അസന്തുലിതാവസ്ഥ പരിഹരിക്കുന്നതിന് ശ്രമങ്ങളുണ്ടാകണം. മത്സ്യആവശ്യകത 2012 മുതൽ 2022 വരെയുള്ള ദശകത്തിൽ മുൻ ദശകത്തേക്കാൾ ഒരു മടങ്ങ് വർധിച്ചിട്ടുണ്ട്. മൂല്യവർധിത ഉൽപാദനത്തിലും സംസ്കരണത്തിലും കൂടുതൽ ശ്രദ്ധിക്കുന്നതിലൂടെ കയറ്റുമതിയിൽ മെച്ചമുണ്ടാക്കാമെന്നും അദ്ദേഹം പറഞ്ഞു.മികച്ച സാധ്യതകളുള്ള ആഴക്കടൽ മത്സ്യസമ്പത്ത് പ്രയോജനപ്പെടുത്തുന്നതിന് ശ്രമങ്ങൾ വേണം. മീനുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും ആഴക്കടൽ മത്സ്യബന്ധനരംഗത്ത് തൊഴിൽനൈപുണ്യം വികസിപ്പിക്കുന്നതിനും പദ്ധതികൾ വേണമെന്നും വിദഗ്ധർ അഭിപ്രായപ്പെട്ടു. ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ഡോ ജെ കെ ജെന, നീതി ആയോഗ് ജോയിന്റ് സെക്രട്ടറി കെ എസ് റെജിമോൻ, നീതി ആയോഗ് സീനിയർ അഡ്വൈസർ ഡോ നീലം പട്ടേൽ, സംസ്ഥാന ഫിഷറീസ് ഡയറക്ടർ ഡോ അദീല അബ്ദുള്ള, നീതി ആയോഗ് സീനിയർ കൺസൽട്ടന്റ് ഡോ ബബിത സിങ്, സിഎംഎഫ്ആർഐ ഡയറക്ടർ ഡോ എ ഗോപാലകൃഷ്ണൻ എന്നിവർ ഉദ്ഘാടന സെഷനിൽ സംസാരിച്ചു.നീതി ആയോഗ്, സിഎംഎഫ്ആർഐ, സംസ്ഥാന ഫിഷറീസ് വകുപ്പ് എന്നിവർ സംയുക്തമായാണ് സംഘടിപ്പിച്ചത്. സമുദ്രമത്സ്യമേഖലയിലെ വെല്ലുവിളികൾ, സാധ്യതകൾ, ഫിഷറീസ് സർട്ടിഫിക്കേഷൻ, വ്യാപാരബന്ധം, കയറ്റുമതി, മത്സ്യബന്ധനസീഫുഡ് വ്യവസാ മേഖലകളിലെ പ്രശ്നങ്ങൾ തുടങ്ങിയവ ശിൽപശാല ചർച്ച ചെയ്തു.കേരളത്തിന് പുറമെ, പശ്ചിമ ബംഗാൾ, ഒഡീഷ, ഗുജറാത്ത്, മഹാരാഷ്ട്ര, ഗോവ, കർണാടക, ആന്ധ്രപ്രദേശ്, തമിഴ്നാട് എന്നീ തീരദേശ സംസ്ഥാനങ്ങളും ആൻഡമാൻനിക്കോബാറും ദേശീയ ശിൽപശാലയിൽ പങ്കെടുത്തു.കേന്ദ്രസംസ്ഥാന സർക്കാറുകളിലെ നയരൂപീകരണ വിദഗ്ധർ, വ്യവസായ പ്രമുഖർ, ഗവേഷകർ എന്നിവരടങ്ങുന്ന ഉന്നതതല സംഘമാണ് ശിൽപശാലയിൽ പങ്കെടുത്തത്.മുദ്രമത്സ്യമേഖലയിലെ നിലവിലെ സ്ഥിതിഗതികൾ ഓരോ സംസ്ഥാനങ്ങളും പങ്കവെക്കും. വെല്ലുവിളികളും പരിഹാരമാർഗങ്ങളും ചർച്ച ചെയ്യും. സുസ്ഥിരവളർച്ചയ്ക്കാവശ്യമായ ഭാവിപദ്ധതികൾക്ക് ശിൽപശാല രൂപം നൽകും.

# സോണി ഇന്ത്യ ഫ്ളോട്ട് റൺ സ്പോർട്സ് ഹെഡ്ഫോൺ അവതരിപ്പിച്ചു




**കൊച്ചി:** റണ്ണർമാർക്കും അത്ലറ്റുകൾക്കുമായി സോണി ഇന്ത്യ പുതിയ വയർലെസ് സ്പോർട്സ് ഹെഡ്ഫോൺ അവതരിപ്പിച്ചു. ശബ്ദ നിലവാരത്തിൽ വിട്ടുവീഴ്ച്ച ചെയ്യാതെ അത്ലറ്റുകളുടെ സുഖകരവും സുസ്ഥിരവുമായ അനുഭവത്തിനായി രൂപകല്പന ചെയ്തതാണ് സോണി ഫ്ളോട്ട് റൺ ഡബ്ല്യൂഐഒഇ610 എന്ന പുതിയ മോഡൽ. ലൈറ്റ്വെയ്റ്റ് ഡിസൈൻ, പ്രഷർ ഫ്രീ ഡിസൈൻ എന്നിവക്കൊപ്പം ഓടുമ്പോൾ വഴുതിപ്പോകാതിരിക്കാൻ ഒരു ഫ്ളെക്സിബിൾ നെക്ക്ബാൻഡുമായാണ് ഫ്ളോട്ട് റൺ മോഡൽ വരുന്നത്.ഏകദേശം 33 ഗ്രാം മാത്രമാണ് ഫ്ളോട്ട് റൺ ഹെഡ്ഫോണുകളുടെ ഭാരം. ഹാറ്റ്സ്, സൺഗ്ലാസ് ഉൾപ്പെടെയുള്ള ആക്സസറികൾ ഉപയോഗിച്ചാലും നെക്ക്ബാൻഡ് ഹെഡ്ഫോണുകളെ സുരക്ഷിതമായി നിലനിർത്തും.ശ്വാസോച്ഛ്വാസം പോലെയുള്ള ശബ്ദങ്ങളുടെ പ്രതിധ്വനി ഇല്ലാതാക്കുന്നതിന് ഒരു ഓപ്പൺടൈപ്പ് ഡിസൈനും ഫ്ളോട്ട് റൺ ഹെഡ്ഫോണുകൾക്കുണ്ട്. ഐപിഎക്സ്4 സ്പ്ലാഷ് പ്രൂഫ് റേറ്റിങ് ഉള്ളതിനാൽ, ഉപഭോക്താക്കൾക്ക് വിയർപ്പ് കാരണമുണ്ടാവുന്ന കേടുപാടുകളെക്കുറിച്ചോ, മഴയിൽ കുടുങ്ങിപ്പോകുന്നതിനെക്കുറിച്ചോ ആശങ്കപ്പെടേണ്ടതില്ല. പൂർണ ചാർജിങ്ങിൽ 10 മണിക്കൂർ വരെ പ്ലേ ടൈമാണ് വാഗ്ദാനം. 10 മിനിറ്റ് ചാർജ് ചെയ്താൽ ഒരു മണിക്കൂർ വരെ പ്ലേ ടൈമും ലഭിക്കും. യുഎസ്ബിസി ടൈപ്പ് ഉപയോഗിച്ച് ഫ്ളോട്ട് റൺ ഹെഡ്ഫോണുകൾ ചാർജ് ചെയ്യാം.ജനുവരി 4 മുതൽ ഇന്ത്യയിലെ സോണി റീട്ടെയിൽ സ്റ്റോറുകളിൽ (സോണി സെന്റർ, സോണി എക്സ്ക്ലൂസീവ്), www.ShopatSC.com പോർട്ടൽ, പ്രധാന ഇലക്ട്രോണിക് സ്റ്റോറുകൾ, മറ്റ് ഇകൊമേഴ്സ് വെബ്സൈറ്റുകൾ എന്നിവയിൽ ഫ്ളോട്ട് റൺ ലഭ്യമാകും. കറുപ്പ് നിറത്തിലെത്തുന്ന മോഡലിന് 10,990 രൂപയാണ് വില.

